കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**[www.ksad.kerala.gov.in](http://www.ksad.kerala.gov.in)**

# മതിലകം ഗ്രാമപഞ്ചായത്ത്

## 2017-18

## ഓഡിറ്റ് റിപ്പോർട്ട്

# ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി3)832/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ – 6800020
ഫോൺ : 0487-2331249
ഇ-മെയിൽ : dotst.ksad@kerala.gov.in

തീയതി: 12.06.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

മതിലകം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മതിലകം ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മതിലകം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം3 ലെ 3-5,3-6,3-12ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി3)832/2019, തിയ്യതി : 12.06.2019

## തൃശ്ശൂർ ജില്ലയിലെ മതിലകം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തൃശ്ശൂർ ജില്ലയിലെ മതിലകം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01/04/17 മുതൽ 31/03/18 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2017-18 സാമ്പത്തിക വർഷം വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സൈമൺ .കെ , ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05-04-2019 മുതൽ 17-04-2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ബിത ടി എസ് | ഓഡിറ്റ് ഓഫീസർ (20.04.19 വരെ) |
| | സുമിത.ടി.എസ് | അസി.ഓഡിറ്റ് ഓഫീസർ (20.04.19 വരെ) |
| | ജോമോൻ.ഇ.കെ | അസി.ഓഡിറ്റ് ഓഫീസർ |
| | സുമ. വി.കെ | ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| പേര് | ഉദ്യോഗപേര് | കാലയളവ് |
|---|---|---|
| ശ്രീ.ഇ.ജി.സുരേന്ദ്രൻ | പ്രസിഡന്റ് | 1.04.2017 മുതൽ 31.03.2018 വരെ |
| ശ്രീ.ഷാബു.പി.വി | സെക്രട്ടറി | 1.04.2017 മുതൽ 31.03.2018 വരെ |

**സി)നിർവ്വഹണഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീമതി. അനു.പി | 01-04-2017 മുതൽ 07-10-2017 FN വരെ |
| | ശ്രീമതി. നിഷി.പി.ദേവദാസ് | 07-10-2017AN മുതൽ 31-03-2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ഫാജിത റഹ്മാൻ.എം | 01-04-2017 മുതൽ 31-03-2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.ഫ്രാൻസിസി ബാസ്റ്റിൻ.പി. | 01-04-2017 മുതൽ 31-03-2018വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.ഷാജി | 01-04-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ.സുമയ്യ.വി.കെ | 01-04-2017 മുതൽ 31-03-2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ബിന്ദു.കെ.എ | 01-04-2017 മുതൽ 27-09- |

| | | |
|---|---|---|
| | | 2017 F.N വരെ |
| | ശ്രീമതി. സുഭാഷിണി. കെ.കെ. | 27-09-2017 A.N മുതൽ 17-12-2017വരെ |
| | ശ്രീമതി. ഹേമ.കെ | 18-12-2017 മുതൽ 31-03-2018 വരെ |
| അസി.സെക്രട്ടറി | ശ്രീമതി.ഷീല.എം.ബി | 01-04-2017 മുതൽ 31-03-2018 വരെ |
| വി.ഇ.ഒ. (കുളിമുട്ടം സർക്കിൾ) | ശ്രീ.ബിമൽ.പി.എസ് | 01-04-2017 മുതൽ 12-07-2017 വരെ |
| | ശ്രീമതി.മല്ലിക.കെ.എം. | 13-07-2017 മുതൽ 31-03-2018 വരെ |
| വി.ഇ.ഒ. (മതിലകം സർക്കിൾ) | ശ്രീമതി.ലാലി.കെ.എസ് | 01-04-2017 മുതൽ 31-03-2018 വരെ |
| പ്രധാന അദ്ധ്യാപിക ജി.യു.പി.എസ് | ശ്രീമതി.നിമ്മി ജോസ് | 01-04-2017 മുതൽ 31-03-2018വരെ |
| ഫിഷറീസ് ഇൻസ്പെക്ടർ | ശ്രീ.അൻസിൽ | 01-04-2017 മുതൽ 31-03-2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | പ്രശാന്ത് ഇ.എം | 01-04-2017 മുതൽ 31-03-2018 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം-1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ്& പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പെൻഷനുകൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം-2 | |
| 13 | ബജറ്റ് അവലോകനം | 2-1 |

| | | |
|---|---|---|
| 14 | തൊഴിൽനികുതി പിരിച്ചിട്ടില്ല | 2-2 |
| 15 | ഡി&ഒ ലൈസൻസ് ഈടാക്കുന്നില്ല | 2-3 |
| 16 | ക്രമവൽക്കരണ ഫീസ് ഈടാക്കാതെ കെട്ടിട നമ്പർ അനുവദിച്ചു | 2-4 |
| | ഭാഗം-3 | |
| 17 | ലാപ്പ്ടോപ്പ് വാങ്ങി നൽകൽ -അപാകങ്ങൾ | 3-1 |
| 18 | കുടിവെള്ള ഗാർഹിക കണക്ഷൻ സബ്സിഡി നൽകൽ -എസ്റ്റിമേറ്റ് തുകയിൽ അധികരിച്ച് സബ്സിഡി നൽകി. | 3-2 |
| 19 | കോഴ്സ് കാലാവധി കഴിഞ്ഞ വിദ്യാർത്ഥിക്ക് ലാപ്ടോപ്പ് നൽകി. | 3-3 |
| 20 | വയോജന പരിപാലനം -പദ്ധതിയിൽ ഉൾപ്പെടാത്ത കാര്യത്തിനായി തുക ചെലവഴിച്ചു. | 3-4 |
| 21 | സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം -അധിക തുക നൽകി | 3-5 |
| 22 | ഭിന്നശേഷിക്കാർക്കുള്ള ഉപകരണങ്ങളുടെ വിതരണം-മാർഗ്ഗരേഖ മാനദണ്ഡങ്ങൾ പാലിച്ചില്ല. | 3-6 |
| 23 | ജാഗ്രതാ സമിതിക്ക് ഫർണ്ണീച്ചർ -അപാകങ്ങൾ | 3-7 |
| 24 | കേരളോത്സവം 2014-15 ൽ ലഭിച്ച തുക വിനിയോഗിക്കാതെ അവശേഷിക്കുന്നു. | 3-8 |
| 25 | ധനകാര്യ കമ്മീഷൻ അവാർഡ് ചട്ടപ്രകാരമല്ലാതെ വിനിയോഗിച്ചു | 3-9 |
| 26 | തുല്യതാ പരീക്ഷാ രേഖകൾ ഹാജരാക്കിയിട്ടില്ല. | 3-10 |
| 27 | തെരുവ് ടാപ്പ് സംയുക്ത പരിശോധനാ നടപടികൾ ത്വരിതപ്പെടുത്തണം | 3-11 |
| 28 | ചെലവ് രേഖകൾ ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു. | 3-12 |
| 29 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് അപാകതകൾ | 3-13 |
| 30 | മരാമത്ത് പദ്ധതികൾ-അപാകതകൾ | 3-14 |
| 31 | നിലവിലെ നടപടിക്രമങ്ങൾക്ക് വിരുദ്ധമായി F.I.T ക്ക് മുൻകൂർ തുക നൽകി ഫർണ്ണീച്ചർ വാങ്ങൽ നടത്തിയത് ക്രമപ്രകാരമല്ല. | 3-15 |
| 32 | വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതികൾ – അപാകതകൾ | 3-16 |
| | ഭാഗം-4 | |
| 33 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 34 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 36 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 37 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 38 | ഓഡിറ്റ് റിക്കവറി | 4-6 |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 40 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 43 | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 44 | അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം | |


## ഭാഗം -1

## പൊതു അവലോകനം

## പൊതു അവലോകനം

### 1-1 ബജറ്റ്

| | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| പാസ്സാക്കിയ തിയതി | 28.03.2017 | 20.02.2018 |
| കമ്മിറ്റി തീരുമാനം | 1(1) | 3(1) |
| പ്രതീക്ഷിത വരവ് | 140645510.00 | 148312759.00 |
| പ്രതീക്ഷിത ചെലവ് | 133984058.00 | 144341087.00 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 31-05-2018 | - | - |

### 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 13-06--2018 മുതൽ 14-06-2018 വരെ | കെ.എസ്.എ ടി.എസ്.ആർ(ഇ3)1150/18(47) തീയതി 01.09.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 17254805.74 |
| വരവ് | 59335179.00 |
| ആകെ | 76589984.74 |
| ചെലവ് | 66342512.00 |
| നീക്കിയിരിപ്പ് | 10247472.74 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 13672000 | 13672000 | 12137082 | 1534918 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 6496030 | 6496030 | 6495978 | 52 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 5924000 | 5924000 | 5093898 | 830102 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3051000 | 3051000 | 2690939 | 360061 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 6431294 | 6431294 | 6204456 | 226838 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 672714 | 672714 | 627563 | 45151 |
| സാക്ഷരത | | 13050 | | | | 13050 |
| ദുരിതാശ്വാസനിധി | | 0 | 106 | 106 | 0 | 106 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 18293576 | 18293576 | 18293576 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3912 | 995864 | 999776 | 999579 | 197 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| TSC | | 3800 | 562147 | 565947 | 565947 | |
| ICDS | | 1985523 | 884513 | 2870036 | 1306974 | 1563062 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| കേരളോത്സവം | | 15000 | 20000 | 35000 | 20000 | 15000 |
| വിമുക്തി | | 25000 | 12500 | 37500 | 25000 | 12500 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | | 2050000 | 2050000 | 1763517 | 286483 |
| | ജില്ലാ പഞ്ചായത്ത് | | 1300000 | 1300000 | 892265 | 407735 |
| ബി ഫണ്ട് | | | | | | |
| തൊഴിൽ രഹിത വേതനം | | | 14640 | 14640 | 14640 | |
| വാർദ്ധക്യകാല പെൻഷൻ | | | 16590600 | 16590600 | 16590600 | |
| കർഷക തൊഴിലാളി പെൻഷൻ | | | 3361500 | 3361500 | 3361500 | |
| അവിവാഹിത പെൻഷൻ | | | 540100 | 540100 | 540100 | |
| വിധവ പെൻഷൻ | | | 15210600 | 15210600 | 15210600 | |
| വികലാംഗ പെൻഷൻ | | | 3079400 | 3079400 | 3079400 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | 9720000 | 9720000 | 9720000 | |

| | | | | | | |
|---|---|---|---|---|---|---|
| തനത് ഫണ്ട് | കോ-ഓപ്പറേറ്റിവ് ബാങ്ക് | 11051408.74 | 9585712 | 20637120.74 | 11423301.74 | 9213819 |
| | ട്രഷറി STSB | 5759699 | 10617013 | 16376712 | 15266874 | 1109838 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 159 | 89895488 | 116 | 39399395 | 37 | 6 | 72.95 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3912 | 995864 | 999776 | 999579 | 197 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 18293976 | 18293976 | 18293976 | 0 |

## 1-8 ക്ഷേമ പെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 14640 | 25 |
| കർഷകതൊഴിലാളി പെൻഷൻ | 3361500 | 1183 |
| വിധവാ പെൻഷൻ | 15210600 | 5145 |
| വാർദ്ധക്യകാല പെൻഷൻ | 16590600 | 5025 |
| വികലാംഗപെൻഷൻ | 3079400 | 1006 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 540100 | 245 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09-04-2019, 3.30 പി.എം ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9,991/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1)തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനും, നികുതി ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല.

2)ഇ-ടെണ്ടർ നടപടികളിലൂടെ നിലവിൽ എൽ എസ് ജി ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

3)ആസ്തി രജിസ്റ്റർ കാലികമല്ല. അസ്തി രജിസ്റ്ററിൽ മൂല്യം ചേർക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ചേർത്ത അസ്തികളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിയുന്നില്ല.

4)വാർഷിക പദ്ധതി നിർദേശങ്ങൾ നൽകുക എന്നതിലുപരിയായി പ്രോജക്ടുകളുടെ ജയപരാജയങ്ങൾ വിലയിരുത്തുന്നതിൽ സ്ഥിരം സമിതികളുടെ ഇടപെടൽ പരിമിതമാണ് എന്ന് മിനുട്സിൽ നിന്ന് വ്യക്തമാവുന്നു. പ്രോജക്ടുകളുടെ പൊതുവായ വിലയിരുത്തൽ / പദ്ധതി അവലോകനം നടത്തുന്നതായി മിനുട്സിൽ രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ പ്രത്യേകമായി ഒരു പ്രോജക്ടിനെ കുറിച്ചും വിലയിരുത്തൽ നടത്തി തീരുമാനം രേഖപ്പെടുത്തുന്നതിൽ സ്ഥിരം സമിതികൾ ശ്രദ്ധചെലുത്തിയിട്ടില്ല എന്ന് കാണുന്നു. പദ്ധതി രൂപീകരണ ഘട്ടം കഴിഞ്ഞ് നിർവ്വഹണം ആരംഭിക്കുമ്പോൾ വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികൾ തുടർച്ചയായി മോണിറ്ററിംഗിന് വിധേയമാക്കണം. എന്നാൽ ഈ നിബന്ധന പാലിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09-01-2018 | 2018 ഡിസംബർ | 28-03-2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.11.16 to 07.12.16 | 2011-12 to 2015-16 | 06.01.2017 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

**മതിലകം** ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)
2. വസ്തു നികുതി റെസിഡൻഷ്യൽ, നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ ഡിമാന്റ്, നീക്കിയിരുപ്പ് എന്നിവയിൽ സഞ്ചയ, സാംഖ്യ കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നുണ്ട്. എന്നാൽ കളക്ഷൻ തുക തമ്മിൽ പൊരുത്തപ്പെടുന്നില്ല. വ്യത്യാസം താഴെ ചേർക്കുന്നു.

| | റെസിഡൻഷ്യൽ | | നോൺ റെസിഡൻഷ്യൽ | |
|---|---|---|---|---|
| | കുടിശ്ശിക | തന്നാണ്ട് | കുടിശ്ശിക | തന്നാണ്ട് |
| സഞ്ചയ പ്രകാരം | 7,65,237 | 24,93,377 | 6,65,239 | 15,97,654 |
| സാംഖ്യ പ്രകാരം | 9,27,804 | 27,10,887 | 5,30,075 | 13,63,222 |
| വ്യത്യാസം | +1,62,567 | +2,17,510 | -1,35,164 | -2,34,432 |

3. സാമ്പത്തിക വർഷത്തിൽ റെസിഡൻഷ്യൽ-നോൺ റെസിഡൻഷ്യൽ ഇനത്തിൽ 3,01,039/- രൂപ സഞ്ചയ പ്രകാരം adjustment ഇനത്തിൽ ക്രമീകരിച്ചതായി കാണുന്നു. എന്നാൽ ക്രമീകരിച്ച തുകയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. നിലവിൽ സാംഖ്യയിൽ തയ്യാറാക്കിയ വാർഷിക കണക്ക് പ്രകാരം ആകെ 13,42,859/- രൂപ വർഷാവസാനത്തിൽ കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാനുള്ളതായി കാണുന്നുണ്ട്.

| | റെസിഡൻഷ്യൽ | | നോൺ റെസിഡൻഷ്യൽ | | ആകെ |
|---|---|---|---|---|---|
| | കുടിശ്ശിക | തന്നാണ്ട് | കുടിശ്ശിക | തന്നാണ്ട് | |
| സഞ്ചയയിൽ ക്രമീകരിച്ചത് | 0 | 2,18,556 | 0 | 82,483 | 3,01,039 |
| ബാക്കി പിരിച്ചെടുക്കാനുള്ളത് | 8,754 | 540 | 11,48,268 | 1,94,051 | 13,42,859 |

4. 01/04/2017-ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റെസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തുകയും പുതിയ അസസ്സ്മെന്റ് തുകകൾ, തുടർന്ന് പുതിയ ഡിമാന്റ് തുകയായി കണക്കിൽ രേഖപ്പെടുത്തുകയുമാണ് വേണ്ടത്. എന്നാൽ "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുക എടുത്ത് "സാംഖ്യ"യിൽ 01/04/2017 പ്രകാരമുള്ള ഡിമാന്റ് തുകയായി രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. ആയതിനാൽ റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തലുകൾ ഇല്ലാതെ പോകുന്നു. വസ്തു നികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

5. ഡിമാന്റ് - (കളക്ഷൻ+ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ് വെയറിൽ കണക്കാക്കപ്പെടുന്നില്ല.

6. “സഞ്ചയ" സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തു നികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി. രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. “സഞ്ചയ" സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തു നികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി. രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ വസ്തു നികുതിയുടെ 5% എന്ന നിരക്കിലല്ല ലൈബ്രറി സെസ്സ് രേഖപ്പെടുത്തിയിരിക്കുന്നത്.

**മേൽ കാരണങ്ങളാൽ വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം വസ്തുനികുതിയിനത്തിലുള്ള യാതൊരു തുകകളുടെയും കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല**

7. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും, തൊഴിൽ നികുതിയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ. തീയതി.26/07/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 58(4)(എച്ച്)) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

8. ഇൻകം&എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം "280000000-Prior period item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18 | 31/03/2018-ലെ ബാക്കി |
|---|---|
| | |

| | |
|---|---|
| 280100101 – Prior period income- Property tax on residential buildings | 610340 |
| 280100104- Prior period income- Property tax on non-residential buildings | 1,62,185 |
| 280200101- Prior period income – rent from buildings | (222) |
| 280200201- Prior period income- license fees | 1100 |
| 280200401- prior period income- other incomes | 137712 |
| **Total** | **6,35,691** |

9. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന രീതിയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

10. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്.

11. ആഭ്യന്തര നിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും പേജ് അടിസ്ഥാനത്തിൽ തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2)(ഇ), (ജി))

12. MGNREGA-യുടെ വർഷാവസാന കണക്കുകൾ മാത്രമേ സെക്രട്ടറി സാക്ഷ്യപ്പെടുത്തി കാണുന്നുള്ളൂ. മുഴുവൻ പ്രതിമാസ കണക്കുകളും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

13. വാർഷിക കണക്ക് B-4 പട്ടിക പ്രകാരം തനതുഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾ സംബന്ധിച്ച് പ്രത്യേക അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നതായി കാണുന്നില്ല. രജിസ്റ്റർ സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

14. ട്രേഡ്സ് തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം തൻവർഷം കുടിശ്ശിക ഇല്ല. (ഡിമാന്റ് തുക 387710). അതേ സമയം വാർഷിക കണക്കിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രിക I-I പ്രകാരം ഡിമാന്റ് 4,23,630/- രൂപയാണ്. റസീപ്റ്റ് & പെയ്മെന്റ് RP 43 പ്രകാരം 2,67,140/- രൂപ തൻവർഷം പിരിച്ചെടുത്തിട്ടുണ്ട്. 2016-17 ബാലൻസ് ഷീറ്റ് B-9 പട്ടിക പ്രകാരം 1,20,570/- രൂപ അഡ്വാൻസ് കളക്ഷനുണ്ട്. ബാക്കി നിൽക്കുന്ന 35,920/- രൂപ 17-18-ലെ ബാലൻസ് ഷീറ്റ് B-9 പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. അപാകത പരിഹരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ബജറ്റ് അവലോകനം

ബജറ്റ് രൂപീകരണത്തിന്റെ പ്രാരംഭ നടപടിയായി സെക്രട്ടറി ഉദ്യോഗസ്ഥരുടെ/ ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് ചേർക്കേണ്ടതും ചർച്ചകൾ നടത്തി ബജറ്റ് നിർദ്ദേശങ്ങൾ നിശ്ചിത ഫോർമാറ്റിൽ

സ്വീകരിക്കേണ്ടതുമാണ്. ബജറ്റ് നിർദ്ദേശങ്ങൾ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് പരിശോധനയ്ക്കും നിർദ്ദേശങ്ങൾക്കുമായി നൽകേണ്ടതും ലഭിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ജനവരി 15 മുമ്പ് ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതുമാണ്. ബജറ്റ് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ചർച്ചചെയ്യേണ്ടതും വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ജനവരി 15-ാം തിയതിക്കു മുമ്പേ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച് ചർച്ച നടത്തുകയോ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും നിർദ്ദേശങ്ങൾ ലഭിച്ചതായോ രേഖപ്പെടുത്തി കാണുന്നില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ബജറ്റ് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ മാർച്ച് മാസതിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുമ്പ് പഞ്ചായത്തിനുമുമ്പാകെ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 9/3/2017 ന് ബജറ്റ് ചർച്ച നടത്തി ഭേദഗതികൾ വരുത്തി, ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ജനറൽ കമ്മിറ്റിയിലേക്ക് ശുപാർശ ചെയ്തിരിക്കുന്നത് 14/03/2017 നാണ്. ബജറ്റ് ഭരണസമിതിയിൽ അവതരിപ്പിച്ച് അംഗീകാരം നേടിയിരിക്കുന്നത് 28/03/2017 നാണ്.

പുതിയ നികുതി നിർദ്ദേശങ്ങളോ അത്തരത്തിലുള്ള ചർച്ചകളോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉണ്ടായിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ വരുമാന വർദ്ധനവിനോടൊപ്പം തന്നെ പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പാക്കാൻ ഉതകുന്ന കാര്യക്ഷമമായ ഇടപെടലുകൾ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ഭാഗത്തു നിന്ന് ഉണ്ടാകേണ്ടതാണ്. എന്നാൽ 2017-18 വർഷത്തെ ബജറ്റ് തയ്യാറാക്കിയിരിക്കുന്നത് ഇത്തരത്തിലുള്ള ചർച്ചകളോ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യക്ഷമമായ ഇടപെടലുകളോ ഇല്ലാതെയാണെന്ന് മിനിട്സ് പരിശോധനയിൽ വ്യക്തമാകുന്നു.

ജി.ഒ.(ആർ.ടി)നം.3291/2016 തിയതി 2.12.2016 പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ പുറപ്പെടുവിച്ചിട്ടുള്ളതാണ്. മാന്വൽ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ച് കുറ്റമറ്റ രീതിയിൽ ബജറ്റ് തയ്യാറാക്കുന്നതിനായിവരും വർഷങ്ങളിലെങ്കിലും ഭരണസമിതി ശ്രദ്ധ പുലർത്തേണ്ടതാണ്.

## 2-2 തൊഴിൽനികുതി പിരിച്ചിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എം.ജി.എം പബ്ലിക് സ്കൂളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. മേൽ സ്കൂൾ സുരഭി ഓഡിറ്റോറിയം എന്ന പേരിൽ പ്രവർത്തിച്ചു വരുന്നതായും ആയതിന്റെ പേരുമാറ്റത്തിനായി പഞ്ചായത്ത് സമ്മതം നൽകിയിരുന്നോ എന്നുമുള്ള വിവരാവകാശ ചോദ്യത്തിന് മറുപടിയായി (ഫയൽ നം.എ8/3154/2017) മേൽ കെട്ടിടം എം.ജി.എം പബ്ലിക് സ്കൂൾ എന്ന പേരിൽ തന്നെയാണ് പ്രവർത്തിക്കുന്നതെന്നാണ് പഞ്ചായത്ത് മറുപടി നൽകിയിട്ടുള്ളത്. തൊഴിൽനികുതി ഈടാക്കാത്തതിന്റെ കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം.18 തീ.17/04/2019)

കൂടാതെ പഞ്ചായത്ത് പരിധിയിൽ സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാർ, അഭിഭാഷകർ, കെട്ടിട നിർമ്മാണ ചട്ട പ്രകാരം പ്ലാൻ തയ്യാറാക്കി നൽകുന്ന ലൈസൻസുള്ള സൂപ്പർ വൈസർമാർ, റേഷൻ കടയുടമകൾ എന്നിവരിൽ നിന്നും തൊഴിൽനികുതി പിരിച്ചെടുത്തിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205-ബി പ്രകാരം പഞ്ചായത്ത് പരിധിയിൽ തൊഴിലെടുക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ഡിമാന്റ് നോട്ടീസ് നൽകി തൊഴിൽനികുതി പിരിച്ചെടുക്കേണ്ടതാണ്. ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തി തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-3 ഡി&ഒ ലൈസൻസ് ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിലുള്ള റേഷൻ റീട്ടെയിൽ ഡിപ്പോകൾ, കല്ല്യാണ മണ്ഡപങ്ങൾ എന്നിവ ഡി&ഒ ലൈസൻസ് എടുത്തിട്ടില്ല. 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി&ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ പൊതുവിതരണവകുപ്പിന്റെ പൊതുവിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകൾ, ഭക്ഷണം തയ്യാറാക്കി വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകളും കല്ല്യാണ മണ്ഡപങ്ങളും ലൈസൻസ് എടുക്കുന്നില്ല. ആയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-16/17-04-2019) മറുപടിയായി 2018-19 വർഷം പഞ്ചായത്ത് പരിധിയിലെ എല്ലാ റേഷൻകടകൾക്കും ലൈസൻസ് എടുപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. എല്ലാ റേഷൻകടകളെയും കല്ല്യാണ മണ്ഡപങ്ങളെയും ഡി&ഒ ലൈസൻസ് പരിധിയിൽ കൊണ്ടുവരാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 2-4 ക്രമവൽക്കരണ ഫീസ് ഈടാക്കാതെ കെട്ടിട നമ്പർ അനുവദിച്ചു

ശ്രീ.എൻ.എം.നൗഷാദ്, നെട്ടൂക്കാരൻ വീട് എന്നയാൾ പണികഴിപ്പിച്ച പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് നിർമ്മാണത്തിനുള്ള അനുമതി നേടിയിരുന്നില്ല. എന്നാൽ വീട്ടു നമ്പറിനായി അപേക്ഷിച്ചപ്പോൾ പഞ്ചായത്ത് ക്രമവത്ക്കരണ ഫീസ് ഈടാക്കാതെയാണ് നമ്പർ നൽകിയതും വസ്തുനികുതി നിർണ്ണയിച്ചതും. കെട്ടിടത്തിന്റെ വിസ്തീർണ്ണം 315.19 ചതുരശ്രമീറ്ററാണ്. മേൽ കെട്ടിടത്തിന് ഈടാക്കേണ്ടിയിരുന്ന ക്രമവത്ക്കരണ ഫീസ് 1891 രൂപയാണ്(315.91*6). [കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ലെ ചട്ടം 137(4)]

ക്രമവത്ക്കരണ ഫീസ് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ലാപ്പ്ടോപ്പ് വാങ്ങി നൽകൽ -അപാകങ്ങൾ

**1.അർഹതയില്ലാത്തവർക്ക് നൽകി**

പദ്ധതി നമ്പർ-9/18

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസി.സെക്രട്ടറി

ബിൽ നമ്പർ-2/30.6.2017-524750/-രൂ

പദ്ധതി മാർഗ്ഗരേഖ ഉത്തരവ് സ.ഉ.(എംഎസ്) നം.80/2017 /ത.സ്വ.ഭ.വ തീയതി 3.4.2017 പ്രകാരം Ded .കോഴ്സിനു പഠിക്കുന്നവർക്ക് ലാപ്ടോപ്പ് നൽകുവാൻ പാടില്ല. ആയതിനു വിരുദ്ധമായി പ്രസ്തുത കോഴ്സിനു പഠിക്കുന്ന താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകിയിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് /മേൽ വിലാസം | പഠിക്കുന്ന സ്ഥാപനത്തിന്റെ പേര് |
|---|---|
| ജിബിഷ ബാബു,നെല്ലകത്ത്, മതിലകം, vii/496 | SNS സമാജം TTI എടമുട്ടം |
| ശ്രുതി.വിഎസ്,വെങ്കിടങ്ങിൽ,7/359 | ,, ,, |

**2.സമയ ബന്ധിതമായി നടപ്പിലാക്കിയില്ല.**

2016-17 ൽ അംഗീകാരം വാങ്ങിയ പദ്ധതി ഫണ്ടിന്റെ അപര്യാപ്തത മൂലം 2017-18 ൽ സ്പിൽ ഓവർ ആയി നടപ്പിലാക്കി. ഫയൽ പരിശോധിച്ചതിൽ 2016-17 ൽ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളിൽ താഴെ പറയുന്നവരുടെ കോഴ്സ് 2016-17 ൽ അവസാനിച്ചതായി കണ്ടു. വിശദാംശം താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് /മേൽ വിലാസം | പഠിച്ചിരുന്ന സ്ഥാപനത്തിന്റെ പേര് | കോഴ്സ് കാലാവധി |
|---|---|---|
| മൃദുൽ ലാൽ,ചെമ്പൻവീട്,മതിലകം | എസ്.എൻ കോളേജ് നാട്ടിക | 2014-17(20.1.2017 ലെ |

| | | |
|---|---|---|
| | | സാക്ഷ്യപത്ര പ്രകാരം) |
| പ്രജീഷ്.എ.എസ്,ആലത്തൂർ വീട്,മതിലകം | എം.ഇ.എസ് അസ്മാബി കോളേജ് പി വെമ്പല്ലൂർ | 2014-17 .18.1.2017 ലെ സാക്ഷ്യപത്ര പ്രകാരം) |
| ജാക്വിലിൻ.എം.വി,മണപ്പാട്ട്,കുളിമുട്ടം | „ „ | 2014-17 .31.1.2017 ലെ സാക്ഷ്യപത്ര പ്രകാരം) |
| അഭിലാഷ്.വി.എ,വെമ്പുലി,കുളിമുട്ടം | സെന്റ് തോമസ് കോളേജ് തൃശ്ശൂർ | 2014-17 (സാക്ഷ്യപത്ര പ്രകാരം) |
| സുബന്യ,വി.ബി,വെമ്പുലി,കുളിമുട്ടം | എം.ഇ.എസ് അസ്മാബി കോളേജ് പി വെമ്പല്ലൂർ | 2015-17 എംഎസ് സി കോഴ്സ് (സാക്ഷ്യപത്ര പ്രകാരം) |

2016-17 ൽ കോഴ്സ് പൂർത്തീകരിച്ചവർക്ക് 2017-18 ൽ ലാപ്ടോപ്പ് നൽകിയതുകൊണ്ട് പദ്ധതിയുടെ ലക്ഷ്യം സാക്ഷാത്കരിക്കുകയില്ല എന്നതിനാൽ സമയ ബന്ധിതമായി പദ്ധതി നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ടവർ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-2 കുടിവെള്ള ഗാർഹിക കണക്ഷൻ സബ്സിഡി നൽകൽ -എസ്റ്റിമേറ്റ് തുകയിൽ അധികരിച്ച് സബ്സിഡി നൽകി.

പദ്ധതി നമ്പർ-25/18(എസ് സിപി)

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസി.സെക്രട്ടറി

ബിൽ നമ്പർ-11/30.10.2017-66000/-രൂ

കുടിവെള്ള ഗാർഹിക കണക്ഷൻ സബ്സിഡി നൽകൽ പദ്ധതി പ്രകാരം വാട്ടർ അതോറിറ്റിയിൽ നിന്നുള്ള എസ്റ്റിമേറ്റ്, കണക്ഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് സബ്സിഡി 7500രൂപ (പരമാവധി) നൽകുന്ന പദ്ധതിയാണ് ഇത്. എന്നാൽ എസ്റ്റിമേറ്റ് 7500 രൂപയിൽ താഴെ ഉള്ള ഗുണഭോക്താക്കൾക്കും പരമാവധി സബ്സിഡിയായ 7500 രൂ നൽകിയിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ<br>പേര് /മേൽ വിലാസം | എസ്റ്റിമേറ്റ് പ്രകാരം<br>തുക | അധികം നൽകിയത് |
|---|---|---|
| തേർവീട്ടിൽ ശങ്കുരു,9/162,മതിലകം | 6106 | 1394 |
| ചാത്തൻ ,തച്ചാട്ട്,13/268 | 6106 | 1394 |
| മുരളീധരൻ,പാറേക്കാട്ട്,13/269 | 7121 | 379 |
| മനോജ്,വെങ്കിടങ്ങിൽ,മതിലകം | 7121 | 379 |
| | ആകെ | 3546 |

അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-3 കോഴ്സ് കാലാവധി കഴിഞ്ഞ വിദ്യാർത്ഥിക്ക് ലാപ്ടോപ്പ് നൽകി.

പദ്ധതി നമ്പർ-92/18

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസി.സെക്രട്ടറി

ബിൽ നമ്പർ-25/7.3.2018-499800/-രൂ

മേൽ പദ്ധതി പ്രകാരം 18 പേർക്ക് ലാപ്ടോപ്പ് നൽകിയതിൽ ശില്പ ബാബു, കാരിയോടത്ത് , കുളിമുട്ടം എന്ന വ്യക്തിയുടെ ഫയൽ പരിശോധിച്ചതിൽ ടിയാൾ 2014 ഏപ്രിലിൽ ശ്രീരാമ പോളിടെക്നിക്കിൽ നിന്നും ഡിപ്ലോമ പാസ്സായതിന്റെ സർട്ടിഫിക്കറ്റിന്റെ പകർപ്പും 2017-18 ൽ മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ അപ്രന്റീസ് ട്രെയിനി ആയി പ്രവർത്തിക്കുന്നതിന്റെ സാക്ഷ്യപത്രവും ആണ് ഹാജരാക്കിയിട്ടുള്ളത്. അപ്രന്റീസ് ട്രെയിനി ആയി പ്രവർത്തിക്കുന്നവർക്ക് പദ്ധതി മാർഗ്ഗരേഖ ഉത്തരവ് നമ്പർ80/2017/തസ്വഭവ തീ.3.4.2017 പ്രകാരം ലാപ്ടോപ്പ് നൽകുവാൻ അനുവാദമില്ല എന്നതിനാൽ ടിയാൾക്ക് ലാപ്ടോപ്പ് നൽകിയത് ശരിയായ നടപടിയല്ല. ഗുണഭോക്താവിന് നൽകിയ ഒരു ലാപ്ടോപ്പിന്റെ വിലയായ 27767/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-4 വയോജന പരിപാലനം -പദ്ധതിയിൽ ഉൾപ്പെടാത്ത കാര്യത്തിനായി തുക ചെലവഴിച്ചു.

പദ്ധതി നമ്പർ-52/2018

നിർവ്വഹണ ഉദ്യോഗസ്ഥ-ഐ.സി.ഡി.എസ് സൂപ്പർവൈസർ

ബിൽ നമ്പർ-5/16.11.2017-44100/-

ബിൽ നമ്പർ-7/28.3.2018-48000/-
ആകെ – 92100/-

ചെക്ക് നമ്പർ-904227/27.9.2017-4000/-രൂ

വയോജനങ്ങളുടെ ശാരീരിക മാനസിക ഉല്ലാസത്തിന് ഉതകുന്ന പ്രവർത്തനങ്ങൾക്കായി തയ്യാറാക്കിയ പദ്ധതിയിൽ ഓണച്ചമ്മാവ്, ഊമന്തറ തണൽ കേന്ദ്രങ്ങളുടെ ഉദ്ഘാടന ചടങ്ങുകൾക്ക് 4000 രൂ ചെലവഴിച്ചു. പദ്ധതിയിൽ ഉൾപ്പെടാത്ത പ്രസ്തുത ചെലവ് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.11/12.4.2019) മറുപടിയായി പദ്ധതിയുടെ അടങ്കലിൽ ഉൾപ്പെടുത്തിയിരുന്ന തനത് ഫണ്ടിൽ നിന്ന് മറ്റ് ചെലവുകൾ നടത്താത്തതിനാൽ ഫണ്ട് ബാലൻസായതിനാലാണ് വയോജനങ്ങൽക്ക് വേണ്ടി പണി കഴിപ്പിച്ച തണൽ കേന്ദ്രങ്ങളുടെ ഉദ്ഘാടനത്തിന് തുക ചെലവഴിച്ചതെന്ന് മറുപടി നൽകിയിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെടാത്ത കാര്യത്തിനായി പദ്ധതി തുക ചെലവഴിച്ചത് ഉചിതമല്ല. ഇത്തരം അപാകങ്ങൾ ഒഴിവാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം -അധിക തുക നൽകി

പദ്ധതി നമ്പർ-131/2018

നിർവ്വഹണ ഉദ്യോഗസ്ഥ-ഐസിഡിഎസ് സൂപ്പർവൈസർ

ബിൽ നമ്പർ-2/22.2.2018-200000/-രൂ

പദ്ധതി മാർഗ്ഗരേഖ ഉത്തരവ് സ.ഉ.(എംഎസ്) നം.80/2017 *തസ്വഭവ .തീയതി 3.4.2017 ഖ.11.5(3) പ്രകാരം ആണ് വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായത്തിന് 50000-*രൂ നിരക്കിൽ ധനസഹായം നൽകുവാൻ ഉത്തരവായത്. ഫയൽ പരിശോധിച്ചതിൽ ശ്രീമതി.ഷീല, മണ്ടാത്രു, കുളിമുട്ടം എന്ന വ്യക്തിയുടെ മകളുടെ വിവാഹത്തിന് 50000/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ വിവാഹ തീയതി, വിവാഹ സർട്ടിഫിക്കറ്റ് പ്രകാരം 19.2.2017 ആണ്.

അതായത് 2016-17 ൽ വിവാഹം കഴിഞ്ഞവർക്കാണ് 2017-18 ൽ ബാധകമായ നിരക്ക് നൽകിയിരിക്കുന്നത്. 2016-17 ൽ പ്ലാൻ ഫണ്ടിൽ നിന്ന് *വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായത്തിന് തുക നൽകുവാൻ വ്യവസ്ഥ ഉണ്ടായിരുന്നില്ല എന്നു മാത്രമല്ല പ്രസ്തുത കാലയളവിൽ 30000/-രൂപ നിരക്കിൽ ബി ഫണ്ടിൽ നിന്നാണ് തുക നൽകിയിരുന്നത്. ആയതിനാൽ അധിക നൽകിയ തുക ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.*

## 3-6 ഭിന്നശേഷിക്കാർക്കുള്ള ഉപകരണങ്ങളുടെ വിതരണം-മാർഗ്ഗരേഖ മാനദണ്ഡങ്ങൾ പാലിച്ചില്ല.

പദ്ധതി നമ്പർ-150/2018

നിർവ്വഹണ ഉദ്യോഗസ്ഥ-ഐസിഡിഎസ് സൂപ്പർവൈസർ

ബിൽ നമ്പർ-8/23.8.2018-349250/-രൂ

മേൽ പദ്ധതി പ്രകാരം ഭിന്നശേഷി ഉള്ളവർക്ക് ഉപകരണങ്ങൾ കെൽട്രോണിൽ നിന്ന് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. (ഇൻവോയ്സ് നം.MKTG/TRD/0151/2017-18/26.3.2018). എന്നാൽ ഫയൽ പരിശോധിച്ചതിൽ മാർഗ്ഗരേഖ ഉത്തരവ് സ.ഉ.(എംഎസ്) നം.80/2017 *തസ്വഭവ .തീയതി 3.4.2017 ഖണ്ഡിക 10.2 ൽ നിർദ്ദേശിച്ച പ്രകാരം ഓരോ വ്യക്തിയേയും പരിശോധിച്ച് ഓരോരുത്തർക്കും ആവശ്യമായ ഉപകരണത്തിന്റെ പേരും സ്പെസിഫിക്കേഷനും, മതിപ്പ വിലയും നിശ്ചയിച്ച ശേഷമേ പദ്ധതി തയ്യാറാക്കാവൂ എന്ന നിർദ്ദേശം പാലിച്ചിട്ടില്ല. DDRC, മെഡിക്കൽ കോളേജ്, സാമൂഹ്യ സുരക്ഷാ മിഷൻ എന്നിവയുടെ സഹായത്തോടെയല്ല ക്യാമ്പ് നടത്തിയിരിക്കുന്നത്.(ഖ.10.2(4).) പദ്ധതി മാർഗ്ഗരേഖ മാനദണ്ഡങ്ങൾക്കു വിരുദ്ധമായി നടപ്പിലാക്കിയതിനാൽ ചെലവ് തുക 349250/- തടസ്സപ്പെടുത്തുന്നു.*

## 3-7 ജാഗ്രതാ സമിതിക്ക് ഫർണ്ണീച്ചർ -അപാകങ്ങൾ

പദ്ധതി നമ്പർ-78/2018

നിർവ്വഹണ ഉദ്യോഗസ്ഥ-ഐസിഡിഎസ് സൂപ്പർവൈസർ

ബിൽ നമ്പർ-4/28.3.2018-55938/-രൂപ

**1.പദ്ധതിയിൽ ഉൾപ്പെടാത്ത ഇനങ്ങൾ വാങ്ങി.**

പദ്ധതിയുടെ ലക്ഷ്യത്തിൽ സ്ത്രീ ശാക്തീകരണം, കരാട്ടെ പരിശീലനം, കൗൺസലിങ്ങ് എന്നിവയാണ് രേഖപ്പെടുത്തിയിരുന്നത്. 17 വാർഡുകളിലെ ഓരോ അങ്കണവാടികളിൽ ജാഗ്രതാ സമിതിക്കായി പരാതിപ്പെട്ടി സ്ഥാപിക്കുക എന്നതായിരുന്നു പദ്ധതിയുടെ വിശദാംശത്തിൽ രേഖപ്പെടുത്തിയിരുന്നത്. പിന്നീട് പരാതിപ്പെട്ടി കൂടാതെ അലമാര, മേശ, കസേര എന്നിവ കൂടി പഞ്ചായത്ത് കമ്മറ്റി തീരുമാനം നമ്പർ-2.2 തീ.5.2.2018 പ്രകാരം വാങ്ങി. പദ്ധതിയുടെ ലക്ഷ്യത്തിന് വിരുദ്ധമായി നടപ്പിലാക്കിയ പദ്ധതി റിവൈസ് ചെയ്തിട്ടില്ല. പദ്ധതി ലക്ഷ്യത്തിൽ നിന്ന് വ്യതിചലിച്ച് നടപ്പിലാക്കിയത് ഉചിതമല്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

**2.തെറ്റായ ടാബുലേഷൻ കുറഞ്ഞ ടെൻഡർ അംഗീകരിച്ചില്ല.**

ഫർണ്ണീച്ചറുകൾ വാങ്ങുന്നതിന് ടെൻഡർ ക്ഷണിച്ചതിലെ ടാബുലേഷൻ സ്റ്റേറ്റ്മെന്റ് കുറവ് രേഖപ്പെടുത്തിയിരുന്ന കീർത്തി ഫർണ്ണീച്ചറിന്റെ ടെൻഡറിൽ രേഖപ്പെടുത്തിയിരുന്ന തുകയിൽ നിന്ന് ജി.എസ്.ടി കുറവ് ചെയ്ത തുകയാണ് ടാബുലേഷനിൽ രേഖപ്പെടുത്തിയിരിക്കുന്നത്. വിശദാംശം താഴെ ചേർക്കുന്നു.

| കീർത്തീ ഫർണ്ണീച്ചറിന്റെ ടെൻഡറിൽ രേഖപ്പെടുത്തിയിരുന്ന റേറ്റ് | റിനി എൻജിനീയറിങ്ങിന്റെ ടെൻഡറിൽ | കീർത്തീ ഫർണ്ണീച്ചറിന്റെ റേറ്റ് |
|---|---|---|

| | രേഖപ്പെടുത്തിയിരുന്ന റേറ്റ് | ടാബുലേഷനിൽ രേഖപ്പെടുത്തിയത് |
|---|---|---|
| പരാതിപ്പെട്ടി-2064x17=35088 | 1380x17=23460 | 1750x17=29750 |
| അലമാര-6814x2=13628 | 8397x2=16794 | 5775x2=11550 |
| മേശ-2614x1=2614 | 5597x1=5597 | 2215x1=2215 |
| കസേര-512x9=4608 | 521x9=4689 | 434x9=3906 |
| ആകെ-55938 | 50540 | 47421 |

ടാബുലേഷൻ സ്റ്റേറ്റ്മെന്റിൽ കീർത്തി ഫർണ്ണീച്ചറിന്റെ തുക 47421 എന്ന് രേഖപ്പെടുത്തി കുറവ് നിരക്ക് എന്ന് രേഖപ്പെടുത്തി സ്വീകരിച്ചു. എന്നാൽ ബില്ലിൽ കീർത്തി ഫർണ്ണീച്ചർ ജി.എസ്.ടി ഉൾപ്പെടെ 55938 രൂപ ഈടാക്കി. യഥാർത്ഥത്തിൽ ജിഎസ് ടി ഉൾപ്പെടെ കുറവ് നിരക്ക് രേഖപ്പെടുത്തിയ റിനി എൻജിനീയറിങ്ങിന്റെ ടെൻഡർ നിരസിക്കപ്പെട്ടു. തെറ്റായ ടാബുലേഷൻ മൂലം വാങ്ങലിൽ 5398 രൂപ (55938-50540)അധികം ചെലവഴിച്ചു. അധികം ചെലവഴിച്ച തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.(ഓഡിറ്റ് എൻക്വയറി നമ്പർ-11/12.4.2019).

3.ജാഗ്രതാ സമിതിക്ക് ഓഫീസ് സജ്ജീകരിച്ചിട്ടില്ല.

ജാഗ്രതാസമിതിക്ക് ഓഫീസ് ഫർണ്ണീച്ചറുകൾ വാങ്ങിയെങ്കിലും ഓഫീസ് സജ്ജീകരിച്ചിട്ടില്ല. വാങ്ങിയ ഫർണ്ണീച്ചറുകൾ ഐസിഡിഎസ് സൂപ്പർവൈസറുടെ ഓഫീസിലും പഴയ പഞ്ചായത്ത് ഓഫീസിലുമായി ഇട്ടിരിക്കുകയാണ്. ജാഗ്രതാ സമിതിക്ക് ഓഫീസ് സജ്ജീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 കേരളോത്സവം 2014-15 ൽ ലഭിച്ച തുക വിനിയോഗിക്കാതെ അവശേഷിക്കുന്നു.

2014-15 ലെ കേരളോത്സവം നടത്തിപ്പിനായി സംസ്ഥാന യുവജനക്ഷേമ ബോർഡിൽ നിന്നും ലഭിച്ച 15000രൂപ (ചെക്ക് നമ്പർ-886678/18.10.14) നാളിതു വരെ വിനിയോഗിച്ചിട്ടില്ല. പ്രസ്തുത തുക2017-18 വർഷത്തെ വാർഷികകണക്കിൽ ബി4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽ തുകയുടെ വിനിയോഗം സംബന്ധിച്ച് യുവജന ക്ഷേമ ബോർഡുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 ധനകാര്യ കമ്മീഷൻ അവാർഡ് ചട്ടപ്രകാരമല്ലാതെ വിനിയോഗിച്ചു

പ്രൊജക്ട് നം. 154/18
പ്രൊജക്റ്റിന്റെ പേര്: പകർച്ചവ്യാധി നിയന്ത്രണം
നിർവ്വഹണ ഉദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ, പി.എച്ച്.സി
അടങ്കൽ: 10,000/- രൂപ
ചെലവ്: 10,000/- രൂപ
ബിൽ നം. 2/9-14.9.17
വൗച്ചർ നം. 21701098

മേൽ പറഞ്ഞിരിക്കുന്ന പദ്ധതിക്കായി ധനകാര്യ കമ്മീഷൻ അവാർഡ് ഇനത്തിലാണ് തുക ചെലവഴിച്ചിരിക്കുന്നത്. പതിമൂന്നാം പഞ്ചവത്സരപദ്ധതി – ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ – മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ(എംഎസ്)72/17ത.സ്വ.ഭ.വ തീയതി 29.03.17 ലെ 13-8 പ്രകാരം അടിസ്ഥാന സേവനങ്ങൾക്കുള്ള ഉപപദ്ധതിയായാണ് ടി തുക വിനിയോഗിക്കാൻ സാധിക്കുന്നത്. ടി ഫണ്ട് ഉപയോഗിച്ച് പകർച്ചവ്യാധി നിയന്ത്രണംപോലുള്ള പദ്ധതികൾ ഏറ്റെടുക്കാവുന്നതല്ല. ഇത്തരം പദ്ധതികൾക്ക് മാർഗ്ഗരേഖാ നിർദ്ദേശാനുസൃതമായി ഫണ്ട് വകയിരുത്തണമെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

## 3-10 തുല്യതാ പരീക്ഷാ രേഖകൾ ഹാജരാക്കിയിട്ടില്ല.

പ്രൊജക്ട് നം. 160/18
പ്രൊജക്റ്റിന്റെ പേര്: “ദേശീയ സാക്ഷരതാ മിഷന്റെ തുല്യതാ പരീക്ഷ”
നിർവ്വഹണ ഉദ്യോഗസ്ഥൻ: ഹെഡ്മാസ്റ്റർ, ഗവ. എൽ.പി സ്കൂൾ
അടങ്കൽ: 22,000/- രൂപ

ചെലവ്: 13,620/- രൂപ

ബിൽ നം. 7/17-18 തീയതി 26.03.18

മേൽ പദ്ധതിയ്ക്കായി ആറ് പേർക്കായി 2270/- രൂപ വീതം ആകെ 13,620/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ പഠിതാക്കളുടെ അറ്റന്റൻസും ഹാൾടിക്കറ്റും ലഭ്യമാക്കിയതായി കാണുന്നില്ല. ടി കാര്യത്തെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 13,620/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-11 തെരുവ് ടാപ്പ് സംയുക്ത പരിശോധനാ നടപടികൾ ത്വരിതപ്പെടുത്തണം

പഞ്ചായത്തിൽ നിലവിലുള്ള പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 18,84,756/-രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നിലവിലുള്ള ടാപ്പുകളുടെ എണ്ണത്തെ സംബന്ധിച്ച് ഒരു സംയുക്ത പരിശോധന കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് നടത്തിയിട്ടുള്ളതായി കാണുന്നില്ല. ടി കാര്യത്തെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി പ്രകാരം ടി പരിശോധന അടുത്തകാലത്ത് നടത്തിയിട്ടില്ലായെന്നും അവസാനമായി നടത്തിയതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുള്ളത് 06.01.16 തീയതിയിലാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിനനുസൃതമായി സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ടി നടപടികൾ ജി.ഒ(ആർറ്റി)2242/ത.സ്വ.ഭ.വ തീയതി 28.09.11ന് വിധേയമായി ത്വരിതപ്പെടുത്തേണ്ടതും നിലവിലുള്ള ടാപ്പുകൾക്കനുസൃതമായി മാത്രമേ വെള്ളക്കരമടവാക്കുന്നുള്ളൂവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-12 ചെലവ് രേഖകൾ ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു.

ഹെഡ്മാസ്റ്റർ, ഗവ.എൽ.പി സ്കൂൾ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികളുടെ ചെലവ് രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1) പദ്ധതി നം. – 39/18

പദ്ധതിയുടെ പേര് – പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ നൽകൽ

അടങ്കൽ – 2,50,000/-രൂപ

ചെലവ് – 2,48,835/- രൂപ (എസ്.സി.പി വികസന ഫണ്ട്)

2) പദ്ധതി നം. – 44/18

പദ്ധതിയുടെ പേര് – അക്ഷരപൂർണ്ണിമ

അടങ്കൽ – 1,00,000/- രൂപ

ചെലവ് – 1,00,000/- രൂപ (വികസന ഫണ്ട്)

3) പദ്ധതി നം. – 90/18

പദ്ധതിയുടെ പേര് – പ്രഭാതഭക്ഷണം

അടങ്കൽ – 1,00,000/- രൂപ

ചെലവ് – 1,00,000/- രൂപ (വികസന ഫണ്ട്- 75000 + തനത് ഫണ്ട് – 25000))

4) പദ്ധതി നം. – 144/18

പദ്ധതിയുടെ പേര് – പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ നൽകൽ (സ്പിൽ ഓവർ)

അടങ്കൽ – 4,00,000/- രൂപ

ചെലവ് – 3,86,324/- രൂപ (എസ്.സി.പി വികസന ഫണ്ട്)

5) പദ്ധതി നം. – 91/18

പദ്ധതിയുടെ പേര് -ജി.എൽ.പി സ്കൂൾ സൗന്ദര്യ വൽക്കരണം

അടങ്കൽ – 75,000/- രൂപ

ചെലവ് – 75,000/- രൂപ (തനത് ഫണ്ട്)

ആകെ – 9,10,159/- രൂപ

ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 9,10,159/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-13 തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് അപാകതകൾ

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് ആവശ്യമായ സാധനസാമഗ്രികൾ റണ്ണിംഗ് കോൺട്രാക്ട് അടിസ്ഥാനത്തിൽ സപ്ലൈ ചെയ്യുന്നതിന് 31.05.2017 ലെ എ2 3953/2017-18 നമ്പറായി ടെണ്ടർ നോട്ടീസ് പുറപ്പെടുവിച്ചു. 11.7.2017 ലെ 10/1 നമ്പർ തീരുമാനപ്രകാരം കുറവ് നിരക്ക് രേഖപ്പെടുത്തിയ കെ.കെ രാധാകൃഷ്ണന്റെ ടെണ്ടർ അംഗീകരിച്ചു. 15.7.2017 ൽ കരാർ ഉടമ്പടി ചമച്ചിട്ടുണ്ട്. ഫയൽ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സ്റ്റോർ പർച്ചേസ് മാന്വൽ 2013 (ഖ.13.1-13.3 ) പ്രകാരം സൗകര്യപ്രദമായി സൂക്ഷിച്ചുവെക്കുവാൻ സാധിക്കാത്ത വസ്തുക്കളുടെ കാര്യത്തിലാണ് റണ്ണിംഗ് കോൺട്രാക്റ്റ് സമ്പ്രദായം സ്വീകരിക്കേണ്ടത്. ഏകദേശം അളവിൽ, നിശ്ചയിക്കപ്പെടുന്ന നിരക്കിൽ ഒരു പ്രത്യേക കാലയളവിലേക്ക് സ്റ്റോറുകൾ വിതരണം ചെയ്യുന്നതിനുള്ള കരാറാണ് റണ്ണിംഗ് കോൺട്രാക്റ്റ്. എന്നാൽ ടെണ്ടർ നോട്ടീസിൽ വിതരണം ചെയ്യപ്പെടേണ്ട സാധനങ്ങളുടെ പേരുവിവരം മാത്രമാണ് രേഖപ്പെടുത്തിയിരുന്നത്. ആയത് എത്ര അളവിൽ വേണമെന്ന് പരാമർശിച്ചിട്ടില്ല.

2. 2017- 18 വർഷത്തിൽ പൂർത്തിയാക്കിയ എത്ര പ്രവൃത്തികൾക്ക് കരാറുകാരൻ മെറ്റീരിയൽസ് ഇറക്കി എന്നതു സംബന്ധിച്ച് കൃത്യമായ രേഖകളില്ല. മെറ്റീരിയൽസ് ഇറക്കിയത് സ്റ്റോക്കിലെടുത്തത് പൂർണ്ണമല്ല . work site Register ൽ ഓരോ പ്രവൃത്തിക്കും ഇറക്കിയ സാധനങ്ങളുടെ ഇനം, അളവ്, കൈപ്പറ്റിയ തിയ്യതി, വിനിയോഗത്തിന് പ്രവൃത്തി സ്ഥലത്തേക്ക് മാറ്റിയ തിയ്യതി, ഉപയോഗിച്ച അളവ്, സ്റ്റോക്കിൽ അവശേഷിക്കുന്ന ബാലൻസ്, മെറ്റീരിയൽ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് വർഷം തിരിച്ച് രേഖപ്പെടുത്തിയിട്ടില്ല. 2017-18 വർഷത്തെ പ്രസ്തുത കരാർ പ്രകാരം ഇറക്കിയ സാധനങ്ങളുടെ വിശദാംശം രജിസ്റ്ററിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല.
3.മെറ്റീരിയൽ പർച്ചേസ് ഫയലിനോടൊപ്പം നിർബന്ധമായും മെറ്റീരിയൽ വൗച്ചർ, ബില്ലുകൾ, റോയൽറ്റി അടച്ച രശീതി പകർപ്പുകൾ എന്നിവ സൂക്ഷിക്കേണ്ടതാണ്.
4.മൂന്നാം വാർഡിൽ പുളിഞ്ചോട് തൊട്ട് ഗിരീഷ് പരിസരം വരെ കോൺക്രീറ്റ് നടപ്പാത നിർമ്മാണ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

i) Detailed estimate പ്രകാരം 3,25,000/- രൂപ ആണ് അടങ്കൽ തുക. ആയതിൽ മെറ്റീരിയൽസ് തുക2,64,919 രൂപയാണ്. FTO Transaction details പ്രകാരം ശ്രീ. കെ.കെ രാധാകൃഷ്ണൻ 1,23,094+1,07,581 = 2,30,675 രൂപ കൈപ്പറ്റിയിട്ടുണ്ട്. ഫയലിനോടൊപ്പം ടി തുക നൽകിയതിനെ സാധൂകരിക്കുന്ന മെറ്റീരിയൽ വൗച്ചർ, ബില്ലുകൾ, റോയൽറ്റി അടച്ച രശീതി പകർപ്പുകൾ എന്നിവ സൂക്ഷിച്ചിട്ടില്ല.

ii) പ്രസ്തുത പ്രവൃത്തിയുടെ വർക്ക് സൈറ്റ് രജിസ്റ്റർ പേജ് 41 ൽ പ്രവൃത്തിക്കായി 300 mm 3 ക്വാറിമക്ക് ഉപയോഗിച്ചതായി മാത്രമാണ് രേഖപ്പെടുത്തൽ. എന്നാൽ അളവു പുസ്തകം നം 2 പേജ് 44 പ്രകാരം 40mmമെറ്റൽ 20 mm മെറ്റൽ, 10 mm മെറ്റൽ, എംസാൻറ്, സിമൻറ് എന്നിവ ഉപയോഗിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. മെറ്റീരിയൽസിന്റെ സ്റ്റോക്ക് വിതരണ വിശദാംശങ്ങൾ കൃത്യമായി രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.
മേൽപറഞ്ഞ അപാകതകൾ പരിഹരിച്ച് പ്രവൃത്തികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-14 മരാമത്ത് പദ്ധതികൾ-അപാകതകൾ

(A)പദ്ധതി നം. 65/18

പട്ടിക ജാതിക്കാർക്ക് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം

തനതുഫണ്ട് അടങ്കൽ തുക 4,29,000

ചെലവ് 4,28,433

SBJC NO.0854417/24.10.17 തുക – 4,28,433

അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ മേൽ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു.

1. 2014-15 വർഷത്തിൽ TS No.139/AEE/LSGD/14 - 15 തിയ്യതി 11.8.14 നമ്പരായി സാങ്കേതികാനുമതി ലഭിച്ച പദ്ധതിയുടെ പൂർത്തീകരണത്തിനാണ് മേൽപറഞ്ഞ പദ്ധതി ആവിഷ്കരിച്ചത്. യഥാർത്ഥത്തിൽ 2014- 15 ൽ ആരംഭിച്ച പദ്ധതി 2017-18 ലാണ് പൂർത്തീകരിക്കുന്നത്.

Estimate PAC 12,11,720 രൂപയായിരുന്നു. 7.89% below നിരക്കിൽ 11,16,115രൂപയാണ് Contract PAC

കോൺട്രാക്ടർ ശ്രീ. വി.ഡി രാജീവ്

Agmt.No -. 43/AE/LSGD/MKM/9.3.15

9.3.15 ന് സൈറ്റ് കൈമാറി പ്രവൃത്തി ആരംഭിച്ചെങ്കിലും ആയത് പൂർത്തിയായത് 6.5.17 നാണ്. രണ്ടുവർഷത്തോളമെടുത്താണ് പ്രവൃത്തി പൂർത്തികരിച്ചിരിക്കുന്നത്. ഇ-ടെണ്ടർ നോട്ടീസ് പ്രകാരം 6 മാസമാണ് പൂർത്തീകരണ കാലാവധി. ആയത് ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ നൽകിയ അപേക്ഷ,സപ്ലിമെന്ററി എഗ്രിമെന്റ് എന്നിവ ഫയലിനോടൊപ്പം ലഭ്യമാക്കിയില്ല.
2. 17.8.15 AE 101/2014/AE/LSGD നമ്പർ അസി.എഞ്ചിനീയറുടെ കത്തുപ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്തു. ആയതിന് കരാർ പുതുക്കിയിട്ടില്ല. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം E1 മുതൽ E5 വരെയായി 1,87,303 രൂപയുടെ ഇനങ്ങൾ എക്സ്ട്ര പ്രവൃത്തികളായി ചെയ്തു കാണുന്നു. ആഞ്ഞിലി തടി ഉപയോഗിച്ച് വാതിലുകളും ജനലുകളും ഉറപ്പിക്കുന്നതിനും സെറാമിക് ടൈലുകൊണ്ട് Flooring നടത്തുന്നതിനുമാണ് എക്സ്ട്ര ഐറ്റം ഉപയോഗിച്ചത്. എക്സ്ട്ര ഇനം ടെണ്ടർ ചെയ്യപ്പെടാത്തതിനാൽ ആയതിന് മത്സരാധിഷ്ഠിത നിരക്കുകൾ ഉറപ്പുവരുത്താനായിട്ടില്ല.
3) പ്രോജക്ട് നം.167/18
പ്രോജക്ട് – പോക്ലായി കലാഭവൻ മണി സാംസ്കാരിക നിലയം വൈദ്യുതീകരണം
സെക്രട്ടറി നിർവ്വഹിച്ച പദ്ധതി നം. 167/18 പ്രകാരം കെട്ടിടത്തിൽ വൈദ്യുതീകരണം നടത്തി കെട്ടിട നിർമ്മാണ പ്രൊജക്ടുകളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ നിർമ്മാണം, അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒരു പ്രോജക്ട് തയ്യാറാക്കണമെന്ന 29.3.17 ലെ 72/2017 തസ്വഭവ ഉത്തരവു പ്രകാരമുള്ള മാർഗനിർദ്ദേശം പാലിച്ചിട്ടില്ല എന്നുകാണുന്നു.
4. 17.04.2019 ൽ നടത്തിയ സ്ഥലപരിശോധനയിൽ കെട്ടിടം ഉപയോഗയോഗ്യമായിട്ടില്ല എന്നു കണ്ടു. ഒന്നാം നിലയിൽ പണി നടക്കുന്നു. കുടിവെള്ളം, ശുചിമുറി തുടങ്ങിയ സൗകര്യങ്ങൾ കൂടി ഏർപ്പെടുത്തി ആയത് പൊതു ഉപയോഗത്തിന് തുറന്നുകൊടുക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.14/17.04.2019)

(B)പദ്ധതി നം : 106/18 പഞ്ചായത്ത് ഓഫീസ് കെട്ടിടം പുനരുദ്ധാരണം (SO )

ഗ്രാൻറ് അടങ്കൽ തുക – 11,40,277 രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ചെലവ് : 8,73,767 രൂപ

കരാറുകാരൻ : ടി.എം പ്രകാശൻ

അളവു പുസ്തകം : 16/16-17 7/15-16 8/15-16 9/15-16

ട്രഷറി ബിൽ നം. : 12/12.10.17,873767 രൂപ

എഗ്രിമെൻറ് നം : 23/ AE/LSGD/MKM/16-17 dt.13.3.17

1. 29.3.2017 ലെ 72/2017 പദ്ധതി മാർഗ്ഗരേഖ ഖ.13.8 (vi)ലെനിർദ്ദേശമനുസരിച്ച് ഗ്രാമപഞ്ചായത്തിന്റെയും ഘടക സ്ഥാപനങ്ങളുടെയും കെട്ടിടങ്ങൾ ഒഴികെയുള്ള സാമൂഹിക ആസ്തികളുടെ പരിപാലനം, സംരക്ഷണം എന്നിവയ്ക്കു മാത്രമാണ് പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാൻറ് ചെലവഴിക്കാവുന്നത്. മേൽ നിർദ്ദേശത്തിനു വിരുദ്ധമായി പഞ്ചായത്ത് ഓഫീസ് കെട്ടിട പുനരുദ്ധാരണത്തിന് ധനകാര്യകമ്മീഷൻ ഗ്രാൻറ് ചെലവഴിച്ചതിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. 17.5.2017 ലെ 17-ാം നമ്പർ തീരുമാനപ്രകാരം എസ്റ്റിമേറ്റ് റിവിഷൻ ചെയ്തിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയ തിയതി വ്യക്തമാക്കേണ്ടതാണ്. റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുബന്ധ കരാർ ചമച്ചിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. റിവൈസ്ഡ് എസ്റ്റിമേറ്റിൽ എക്സ്ട്രാ ഇനങ്ങളായി E1മുതൽ E13വരെ 3,84,640 രൂപയോളം ചെലവഴിച്ചിട്ടുണ്ട്. എക്സ്ട്രാ ഇനങ്ങളായി ചെയ്ത പ്രവൃത്തിക്ക് ടെണ്ടർ പ്രകാരമുള്ള കുറഞ്ഞ നിരക്ക് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

3. 29.3.2017 ലെ പദ്ധതി മാർഗ്ഗരേഖ 72/2017 ലെ മാർഗ്ഗനിർദ്ദേശം 6.6.4 പ്രകാരം കെട്ടിട നിർമ്മാണ പ്രൊജക്ടു കളുടെ കാര്യത്തിൽ നിർമ്മാണം, അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒരു പ്രോജക്ട് തയ്യാറാക്കണം.എന്നാൽ കെട്ടിടം ഇലക്ട്രിഫിക്കേഷൻ പദ്ധതി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറ്റൊരു പ്രൊജക്ടായിട്ടാണ് നിർവ്വഹിച്ചത് (122/18). കൂടാതെ പുതിയ പഞ്ചായത്ത് ഓഫീസിൽ ടോയ്ലറ്റ് നിർമ്മാണം എന്ന പേരിൽ പുതിയ പ്രൊജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഒരൊറ്റ പ്രവൃത്തിയായി നടപ്പാക്കേണ്ടിയിരുന്ന മേൽ പ്രവൃത്തി സൈറ്റ് കണ്ടീഷൻ പരിഗണിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹണം നടത്തേണ്ടിയിരുന്നു. മേൽപറഞ്ഞ അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും കാലാവധി ദീർഘീകരണം, സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കൽ എന്നിവയിൽ പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണം നം.19/17.04.2019)

## 3-15 നിലവിലെ നടപടിക്രമങ്ങൾക്ക് വിരുദ്ധമായി F.I.T.ക്ക് മുൻകൂർ തുക നൽകി ഫർണിച്ചർ വാങ്ങൽ നടത്തിയത് ക്രമപ്രകാരമല്ല

പദ്ധതി നം. : 149/18 പുതിയ പഞ്ചായത്ത് കെട്ടിടത്തിൽ വർക് സ്റ്റേഷൻ നിർമ്മാണം

അടങ്കൽ തുക : 15,00,000 രൂപ

ചെലവ് : 12,00,000 രൂപ

ട്രഷറി ബിൽ നം : 13/14.9.17

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം 'പുതിയ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ കാബിൻ നിർമ്മാണം ' പ്രവൃത്തിക്കായി അക്രഡിറ്റഡ് ഏജൻസിയായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിന് 12,00,000 രൂപ അഡ്വാൻസ് നൽകി കാണുന്നു. പഞ്ചായത്ത ഭരണസമിതിയുടെ 30.08.2017 ലെ 8-ാം നമ്പർ തീരുമാന പ്രകാരം എടുത്ത് തുക കൈമാറുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്റ്റോർ പർച്ചേസ് ഡിപ്പാർട്ടുമെന്റിന്റെ 30.03.2000 തിയ്യതിയിലെ ജി.ഒ (ആർ ടി) നം.23/2000/ SPD തിരുവനന്തപുരം ഉത്തരവിനെ അടിസ്ഥാനമാക്കിയാണ് തുക കൈമാറുന്നതെന്ന് തീരുമാനത്തിൽ രേഖപ്പെടുത്തികാണുന്നു. 16.8.17 ലെ FIT/MKT/03/17-18/789 നം. കത്തിൽ 30.03.2000 ലെ ഗവ. ഉത്തരവു പ്രകാരം 80% അഡ്വാൻസ് തുകയ്ക്ക് തങ്ങൾ അർഹരാണെന്ന് FIT രേഖപ്പെടുത്തിയിട്ടുണ്ട്. 108/17-18 നമ്പറിൽ 14,95,706 രൂപയുടെ പ്രൊഫോർമ ഇൻവോയ്സ് ടി കത്തിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്. 21.09.17ലെ 216 -ാം നമ്പർ രശീതി പ്രകാരം FIT 80% മുൻകൂർ തുക 12,00,000 രൂപ കൈപ്പറ്റി. കരാർ തീയതി 22.8.17

പദ്ധതി ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 2013 ലെ കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖ.12.16 പ്രകാരം സാധനങ്ങൾ / പ്രവർത്തികൾ കൈമാറുന്നതിനോ/ പൂർത്തീകരിക്കുന്നതിനോ മുമ്പ് മുൻകൂർ ചെലവ്( Advance payment ) സാധാരണഗതിയിൽ നടത്താവുന്നതല്ല. ഖ.12.16(i), (ii)എന്നിവയിൽ എയർകണ്ടീഷണർ, കമ്പ്യൂട്ടർ, മറ്റ് വിലകൂടിയ ഉപകരണങ്ങൾ എന്നിവയുടെ മെയിന്റനൻസ് കോൺട്രാക്ട്സ് ഏറ്റെടുത്ത സ്ഥാപനങ്ങൾ കൂടാതെ ഫാബ്രിക്കേഷൻ കോൺട്രാക്ട്സ്, ടേൺ-കീ കോൺട്രാക്ട്സ് തുടങ്ങിയ വിഭാഗങ്ങൾക്കു മാത്രമേ 30%/40% അഡ്വാൻസ് തുക നൽകാവൂ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

മേൽപ്പറഞ്ഞ വിഭാഗത്തിൽ ഉൾപ്പെടുത്താൻ കഴിയാത്ത ഈ പർച്ചേസിൽ കമ്പനിക്ക് 80% തുക മുൻകൂറായി നൽകിയത് സ്റ്റോർ പർച്ചേസ് മാന്വൽ നിർദ്ദേശത്തിനു വിരുദ്ധമാണ്.

2. വികസനഫണ്ടിൽ നിന്നാണ് തുക കൈമാറിയിരിക്കുന്നത്. 12.04.2006 ലെ GO(P) 177/2006 ധനവിനിയോഗമാർഗ്ഗരേഖ ഖ.6.1 പ്രകാരം ചെലവ് വരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കാൻ പാടില്ല.

ഖ.6.2 ൽ വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കും, സർക്കാർ ഉത്തരവിലൂടെ നിർദ്ദേശിക്കുന്ന മുൻകൂറുകൾക്കും (നിർമ്മിതികേന്ദ്ര, കോസ്റ്റ് ഫോർഡ്, ഗുണഭോക്തൃ കമ്മറ്റി) മുൻകൂറായി തുക പിൻവലിക്കാം. FIT ന് 12,00,000 രൂപ മുൻകൂർ നൽകിയതിൽ ധനവിനിയോഗ മാർഗ്ഗരേഖാ നിർദ്ദേശവും പാലിച്ചിട്ടില്ല.

കരാർ പ്രകാരമുള്ള പ്രവൃത്തികൾ 5/2018 മാസത്തിൽ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ടെണ്ടർ ഒഴിവാക്കി പർച്ചേസ് നടത്തുമ്പോൾ മേൽ നടപടിക്രമങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 2/9.4.19

## 3-16 വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതികൾ - അപാകതകൾ

A)പദ്ധതി നമ്പർ : 16/18

ആട് ഗ്രാമ പദ്ധതി (വനിത) SO

ചെലവുതുക : 40,000/-

ട്രഷറി ബിൽ നം : 1/28.11.17 തുക 20000/-

ട്രഷറി ബിൽ നം : 2/9.1.18 തുക – 20000/-

(B) പദ്ധതി നമ്പർ : 119/18

പെണ്ണാട് (വനിത- ജനറൽ)

അടങ്കൽ തുക : 3,00,000/-

ചെലവ് : 1,40,000/-

ട്രഷറി ബിൽ നം : 3/30.1.18 തുക 1,00,000/-

ട്രഷറി ബിൽ നം : 5/21.2.18 തുക 35,000/-

ട്രഷറി ബിൽ നം : 7/12.3.18 തുക 5,000/-

1.പദ്ധതി നമ്പർ 16/18 പ്രകാരം കുടുംബശ്രീ ഗ്രൂപ്പുകൾക്കാണ് ആടുകളെ നൽകിയിരിക്കുന്നത് (2 ഗ്രൂപ്പുകൾ ) പ്രൊജക്ടു പ്രകാരം ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിനുള്ള അർഹത മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ല.

പദ്ധതി നമ്പർ 119/18 പ്രകാരം 29 വനിതകൾക്ക് 2 പെണ്ണാടുകൾ വീതം വിതരണം നടത്തിയിട്ടുണ്ട്. ടി പദ്ധതിയും പ്രൊജക്ടു പ്രകാരമുള്ള അർഹതാ മാനദണ്ഡങ്ങളും സബ്സിഡി മാർഗ്ഗരേഖ 80/2017/തസ്വഭവ തീയതി 3.4.2017 പ്രകാരമുള്ള നിർദ്ദേശങ്ങളും പൂർണ്ണമായി പാലിക്കാതെയാണ് നിർവ്വഹണം നടത്തിയിരിക്കുന്നത്. അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഗ്രൂപ്പ് സംരംഭങ്ങൾ ഒറ്റ യൂണിറ്റായി സാമ്പത്തിക പ്രവർത്തനങ്ങൾ നടത്തുകയും യൂണിറ്റിന് പൊതുവായ വിപണന സംവിധാനവും, കണക്ക് സൂക്ഷിപ്പുരീതിയും ഉണ്ടായിരിക്കണമെന്ന മാനദണ്ഡം പാലിച്ചുവോ എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധനാ വിധേയമാക്കിയിട്ടില്ല.

2.സ്പിൽ ഓവർ പ്രൊജക്ടിൽ ഗുണഭോക്തൃ കമ്മിറ്റി രൂപീകരിച്ചതിന്റെ രേഖകൾ ലഭ്യമായിട്ടില്ല. 119/18 നം പുതിയ പ്രൊജക്ടു പ്രകാരം ഗുണഭോക്തൃ കമ്മിറ്റി രൂപികരിച്ചതിൽ താഴെ പറയുന്ന മാർഗ്ഗരേഖാ നിർദ്ദേശം പാലിച്ചിട്ടില്ല. വികസന സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ അദ്ധ്യക്ഷനായും വെറ്ററിനറി ഡോക്ടർ കൺവീനറും ഗുണഭോക്താക്കളിൽ നിന്ന് 5 പേർ അംഗങ്ങളുമായിട്ടുള്ള കമ്മിറ്റിയായിരിക്കണം മൃഗങ്ങളെ വാങ്ങേണ്ടത്. ആയതിന് പഞ്ചായത്ത് പ്രൊക്യൂർമെൻറ് കമ്മറ്റിയുടെ അംഗീകാരത്തോടെ സമിതിക്ക് നേരിട്ടുവാങ്ങാം.

3. ഉരുക്കളുടെ പ്രായം, തൂക്കം, ഗുണനിലവാരം തുടങ്ങിയവ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തി സാക്ഷ്യപ്പെടുത്തിയതിന്റെ രേഖകൾ ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

4. ഗുണഭോക്താക്കൾ മുദ്രപത്രം ഹാജരാക്കിയിട്ടുണ്ടെങ്കിലും കരാർ വ്യവസ്ഥകൾ എഴുതിച്ചേർത്ത് ഗുണഭോക്താക്കൾ ഒപ്പുവെച്ച് സാധുതയുള്ള കരാർ ചമച്ചിട്ടില്ല. ഉരുക്കളെ 3 വർഷം വളർത്താമെന്ന് കരാർ വെയ്ക്കേണ്ടതാണ്.

5. പുതിയതും സ്പിൽ ഓവറുമായി നടപ്പിലാക്കിയ പദ്ധതി ലക്ഷ്യം കൈവരിച്ചുവോ എന്ന പരിശോധന നടന്നതായി രേഖകളില്ല. ഉല്പാദനശേഷിയുള്ള ആടുകളെ വളർത്തിയെടുക്കൽ , സ്വയം തൊഴിൽ പ്രോത്സാഹനം, ഇറച്ചി, പാലുല്പാദനം വർദ്ധിപ്പിക്കൽ എന്നീ ലക്ഷ്യങ്ങൾ നേടുന്നതിൽ എത്രത്തോളം പുരോഗതി കൈവരിച്ചു എന്ന് പരിശോധിച്ചതായി രേഖകളില്ല. 21.2.17, 28.4.17,24.5.17, 22.7.17, 15.2.18, 22.3.18 തിയ്യതികളിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് പരിശോധിച്ചതിൽ, പദ്ധതി ശുപാർശകൾ മുന്നോട്ടു വെയ്ക്കുന്നതല്ലാതെ പദ്ധതി മോണിറ്ററിംഗ് നടത്തിയതായി രേഖപ്പെടുത്തലുകൾ ഇല്ല. പദ്ധതി നിർവ്വഹണഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറേണ്ടതാണ്.

(c) പദ്ധതി നം.49/18 കന്നുകുട്ടി പരിപാലനം

അടങ്കൽ തുക : 11,50,000/-

ചെലവ് : 5,75,000/-

ട്രഷറി ബിൽ നം : 6/12.3.18

മേൽ പദ്ധതി പ്രകാരം നെടുംമ്പറമ്പ് ക്ഷീരസഹകരണസംഘം മുഖേന 46 ഗുണഭോക്താക്കൾക്ക് തീറ്റവിതരണം നടത്തിയിട്ടുണ്ട്. ആയതിൽ താഴെ പറയുന്ന ഗുണഭോക്താക്കളെ പദ്ധതിയിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു, വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്തൃ ക്രമ നം. | പേര് | കുറിപ്പുകൾ |
|---|---|---|
| 2 | നിഷ വിനോദ്, കുളിയേടത്ത് | 3 മാസത്തിലധികമായി തീറ്റ വാങ്ങുന്നില്ല |
| 31 | രാംദാസ്, മണ്ടത്ര | 3 മാസത്തിലധികമായി തീറ്റ വാങ്ങുന്നില്ല |
| 40 | ശ്രീജിത്ത്, ഊരാളത്ത് | തീറ്റ ഒട്ടും വാങ്ങുന്നില്ല |

പദ്ധതിയിൽ നിന്ന് ഒഴിവാക്കപ്പെട്ട ഗുണഭോക്താക്കൾക്കായി SLBPക്ക് നൽകിയ വിഹിതം തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതിക്കായി കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി 6/10.4.19

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | മഴമറ | 0 | 100000 |
| | 2017-18 | 300000 | പാലിയേറ്റീവ് കെയർ | 300000 | 0 |
| | | 100000 | ശുദ്ധജലമത്സ്യകൃഷിക്ക് സംരക്ഷണവല | 0 | 100000 |
| | | 100000 | മത്സ്യബന്ധനവല നല്കൽ | 47000 | 53000 |
| | | 250000 | അംഗൻവാടി പോഷകാഹാരം | 250000 | 0 |
| | | 650000 | ഭിന്നശേഷിയുള്ളവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും യാത്രബത്തയും | 650000 | 0 |
| | | 150000 | പൊക്ലായി കലാഭവൻമണി സാംസ്കാരികനിലയം വൈദ്യുതീകരണം | 150000 | 0 |
| | | 300000 | ക്ഷീരകർഷകർക്ക് ഇൻസെന്റീവ് | 244917 | 55083 |
| | | 100000 | പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സൈക്കിൾ | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | | 500000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്,യാത്രബത്ത | 392300 | 107700 |
| | | 300000 | ഭിന്നശേഷിയുള്ളവിദ്യാർത്ഥികൾക്ക് ഉപകരണം | 0 | 300000 |
| | | 500000 | സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ | 499965 | 35 |
| | | | കിണർ റീ ചാർജ്ജ്(ബ്ലോക്ക് വിഹിതം 50000രൂ ഉൾപ്പെടുത്തിയെങ്കിലും ലഭിച്ചില്ല. അതിനാൽ ബ്ലോക്ക് പഞ്ചായത്ത് മറ്റ് പദ്ധതികൾക്കായി ലഭ്യമാക്കിയ തുകകളിലെ ബാലൻസിൽ നിന്ന് ചെലവഴിച്ചു.) | 21600 | |

കുറിപ്പ്:- വാർഷിക കണക്ക് ബാലൻസ് ഷീറ്റ് B-4 ഷഡ്യൂളിൽ രേഖപ്പെടുത്തിയ തുക മുൻവർഷങ്ങളിൽ സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച തുക കൂടി ഉൾപ്പെടുന്നതാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 21700914 | 500000 | - | - |

| | | | | | |
|---|---|---|---|---|---|
| KSEB Mathilakam | സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ | 21701043 | 499965 | 499965 | 16.1.19ന് UC ലഭിച്ചു |
| KSEB Perinjanam | സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ | 21700899 | 391835 | - | - |
| KSEB Mathilakam | സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ | 21700901 | 508165 | 508165 | 16.01.19 ന് UC ലഭിച്ചു |
| PWD Ele | Network connection in Panchayat Office | 21700900 | 300000 | - | - |

കുറിപ്പ്:- വാർഷിക കണക്ക് ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂളിൽ മുൻവർഷങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുക കൂടി ഉൾപ്പെടുന്നതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

| | | |
|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | - |
| 2 | തൻവർഷം നിക്ഷേപിച്ച തുക(പാപ്പിനിവട്ടം സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്) നം.134062 to 134069 തീയതി 08.02.18 | 800000 |
| 3 | ആകെ | 800000 |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | - |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 800000 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹ്യത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഖണ്ഡികകളുടെ വിവരം

ലഭ്യമാക്കിയില്ല.

## 4-8 ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 59335179 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 66342512 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 56711 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1273029 |

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-2 | - | 3546 | എം.ബി.ഷീല, അസി സെക്രട്ടറി |
| 3-3 | - | 27767 | എം.ബി.ഷീല, അസി സെക്രട്ടറി |
| 3-5 | - | 20000 | ഹേമ.കെ.,ഐസിഡിഎസ് സൂപ്പർവൈസർ |
| 3-7(2) | - | 5398 | ഹേമ.കെ.,ഐസിഡിഎസ് സൂപ്പർവൈസർ |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 349250 | ഹേമ.കെ.,ഐസിഡിഎസ് സൂപ്പർവൈസർ |
| 3-10 | 13620 | നിമ്മിജോസ് , പ്രധാന അദ്ധ്യാപിക ജി.എൽ.പി.എസ് , മതിലകം |
| 3-12 | 910159 | നിമ്മിജോസ് , പ്രധാന അദ്ധ്യാപിക ജി.എൽ.പി.എസ് , മതിലകം |
| ആകെ | 1273029 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല.

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല.

**(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എം.ബി ഷീല, അസി.സെക്രട്ടറി | വലപ്പാട് പഞ്ചായത്ത് | തായവള്ളിയൽ ഹൗസ്, പൂമംഗലം, |

| | | |
|---|---|---|
| | സെക്രട്ടറി | അരിപ്പാലം പി.ഒ |
| ഹേമ.കെ, ഐ.സി.ഡി.സ് സൂപ്പർവൈസർ | മതിലകം പഞ്ചായത്ത് ഐ.സി.ഡി.സ് സൂപ്പർവൈസർ | ചന്ദ്രോദയം ഹൗസ്, കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റ് പി.ഒ, മണ്ണുത്തി |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 75-76 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/01.02.12 |
| 77-78 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 78-79 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 79-80 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 80-81 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 81-82 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 83-84 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 84-85 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 85-86 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 86-87,<br><br>87-88 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 88-89,<br><br>89-90 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 94-95,<br><br>95-96 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 96-97 | എൽ.എഫ്.ടി.12-1228/01/01.10.97. |
| 97-98 | എൽ.എഫ്.ടി.12-1791/00/15.5.2000 |
| 98-99,<br><br>99-2000 | എൽ.എഫ്.ടി.12-950/01/17.10.01 |
| 2000-2001 | എൽ.എഫ്.ടി.12-257/04/03.05.04/ 11.08.08 |
| 2001-2002 | എൽ.എഫ്.ടി.12-258/04/03.05.04/ 11.08.08 |
| 2002-2003 | എൽ.എഫ്.ടി.12-100/06/26.05.06/ 08.12.06 |
| 2003-2004 | എൽ.എഫ്.ടി.12-60/09/09.10.09/ 3.11.09 |
| 2004-2005 | എൽ.എഫ്.ടി.12-428/10/27.09.11 |
| 2005-2006 | എൽ.എഫ്.ടി.12-428/10/27.09.11 |
| 2006-2007 | എൽ.എഫ്.ടി.12-429/10/27.09.11 |
| 2007-2008 | എൽ.എഫ്.ടി.പി.3-2113/11/25.05.12/ 07.08.12 |
| 2008-2009 | എൽ.എഫ്.ടി.പി.3-2114/11/28.05.12/ 07.08.12 |
| 2009-2010 | എൽ.എഫ്.ടി.പി.3-28.05.12/07.08.12 |
| 2010-2011 | എൽ.എഫ്.ടി.പി.3-1977/12/13.02.13/ 09.05.13 |
| 2011-2012 | എൽ.എഫ്.ടി.പി.3-337/13/12.11.13 |
| 2012-2013 | എൽ.എഫ്.ടി.പി.3-87/2014/22.07.14/ 18.09.14 |
| 2013-2014 | കെ.എസ്.എ ടി.എസ്.ആർ.പി.3-748/15/ 13.10.15/16.10.15 |
| 2014-15 | കെ.എസ്.എടി.എസ്.ആർ.പി.3-1276/16/ 29.7.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.(പി3) 1735/2016/19.10.16 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.(പി3) 1315/2017/23.09.17 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സം തീർപ്പാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

## അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ടി.എസ്.ആർ(പി3)832/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ -680020

ഫോൺ 0487 2331249

email: dotsr.ksad@keralagov.in

തീയതി: 12.06.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്

സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **മതിലകം ഗ്രാമപഞ്ചായത്തിന്റെ 2017-18** സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **മതിലകം ഗ്രാമപഞ്ചായത്തിന്റെ 2017-18** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-2

## ഓഡിറ്റ് സംക്ഷിപ്തം

| | സംക്ഷിപ്തം(AuditedAbstract) | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട് |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ